**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **19-01-2021 - ൽ മറുപടിയ്ക്ക്**

**അപകടത്തിൽ മരിച്ച വ്യക്തിയുടെ വിധവക്ക് നഷ്ടപരിഹാരം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി .ടി .എ . റഹീം** | | **Shri. A. K. Saseendran**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
| (എ) | OP(M) 735/12 കേസിൽ കോഴിക്കോട് എം.എ.സി.ടി ഉത്തരവ് പ്രകാരം ഹൈക്കോടതി നൽകാൻ വിധിച്ച എട്ട് ലക്ഷത്തി മുപ്പത്തെട്ടായിരത്തി അഞ്ഞൂറ് രൂപ മരിച്ച മുഹമ്മദിന്റെ അവകാശിയായ ബുഷ്റ എന്നയാൾക്ക്ഇതുവരെ ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | 2012-ൽ നടന്ന ബസ് അപകടത്തിൽ മരിച്ച വ്യക്തിയുടെ വിധവക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ കാലതാമസത്തിന് എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കേസിൽ പരാതിക്കാരൻ തന്നെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ 29/08/19-ൽ മാത്രമാണ് തീർപ്പാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി ബസുകൾക്ക് മുൻകാലങ്ങളിൽ ഇൻഷ്വറൻസ് ഇല്ലാതിരുന്നതിനാൽ 1179 കേസുകളിലായി 63 കോടിയോളം രൂപ നഷ്ടപരിഹാരമായി നൽകാനുണ്ട്. ആയത് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരാധീനത കാരണം സമയബന്ധിതമായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും പരമാവധി തുക കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | തുക എന്ന് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | തുക നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ